LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

36 [354] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഓരോ വിഭാഗത്തിലും നിലവിലുള്ള തസ്തികകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിഭാഗത്തിലും ഒഴിവുകൾ എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) മസ്ദൂർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ റാങ്ക് ലിസ്റ്റ് കാലാവധി എന്നാണ് തീരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) വൈദ്യുതി ബോർഡിൽ തസ്തികകൾ വെട്ടിക്കുറയ്ക്കണമെന്ന നിർദ്ദേശം റെഗുലേറ്ററി കമ്മീഷൻ മുന്നോട്ടു വച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകൾ നിർത്തലാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.†

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുക, പ്രമോഷൻ നടത്തുക മുതലായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മസ്ദൂർമാരുടെ വിവിധ ജില്ലകളിൽ നിലവിലുള്ള ഒഴിവുകൾ അതാത് ജില്ലാ പിഎസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശുപാർശ ലഭിച്ച പത്തനംതിട്ട ജില്ലയിൽ നിയമനം നൽകി കഴിഞ്ഞു. മറ്റ് ജില്ലകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

റാങ്ക് ലിസ്റ്റിന്റെ ഓരോ ജില്ലയിലുള്ള കാലാവധി തീരുന്ന തീയതി ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം . .	6-1-2006
2.	കൊല്ലം . .	3-10-2005
3.	പത്തനംതിട്ട . .	12-4-2005
4.	ആലപ്പുഴ . .	31-1-2005
5.	കോട്ടയം . .	28-7-2005
6.	ഇടുക്കി . .	31-12-2004
7.	എറണാകുളം . .	13-1-2006
8.	തൃശ്ശൂർ . .	31-12-2004

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. പാലക്കാട്	. .	15-6-2005
10. മലപ്പുറം	. .	28-1-2005
11. കോഴിക്കോട്	. .	28-8-2005
12. വയനാട്	. .	31-12-2004
13. കണ്ണൂർ	. .	31-5-2005
14. കാസർഗോഡ്	. .	29-4-2005

(ഇ) ഇലക്ട്രിസിറ്റി ബോർഡിൽ തസ്തികകൾ വെട്ടിക്കുറയ്ക്കണമെന്ന നിർദ്ദേശം റെഗുലേറ്ററി കമ്മീഷൻ മുന്നോട്ടു വച്ചിട്ടില്ല.

വൈദ്യുതി ലൈൻ എക്സ്റ്റൻഷനും സർവ്വീസ് കണക്ഷനും

37 [355] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

„ കെ. സുധാകരൻ:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ ജോർജ്ജ് ജെ. മാത്യു:

„ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈൻ എക്സ്റ്റൻഷനും സർവ്വീസ് കണക്ഷനും നൽകുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്തവർഷം ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലൈൻ എത്രകണ്ടു ദീർഘിപ്പിക്കണമെന്നും എത്ര അപേക്ഷകർക്ക് കണക്ഷൻ നൽകണമെന്നുമാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന് ആകെ എന്തു തുകയ്ക്കുള്ള സാധന സാമഗ്രികൾ വേണ്ടിവരും;

(ഡി) ഈ സാധന സാമഗ്രികൾ യഥാസമയം സംഭരിക്കുവാനും പ്രതീക്ഷിക്കുന്ന തീയതിയിൽ ലൈൻ എക്സ്റ്റൻഷനും സർവ്വീസ് കണക്ഷനും നൽകുവാനും എന്തെല്ലാം നടപടികളെടുത്തുവരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാധന സാമഗ്രികളുടെ കുറവാണ് പ്രധാന കാരണം.

(ബി) പ്രസരണ മേഖലയിൽ 2005-06 കാലയളവിൽ 32 കി.മീ. 220 കെ.വി.-യും, 53 കി.മീ. 110 കെ.വി.-യും, 10.10 കി.മീ. 66 കെ.വി.-യും, 283 കി.മീ. 33 കെ.വി.-യും, ലൈനുകളും എച്ച്.റ്റി., എൽ.റ്റി. അനുപാതം കുറയ്ക്കുന്നതിനായി 4000 കി.മീ. 11 കെ.വി. ലൈൻ വലിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. 4 ലക്ഷം സാധാരണ കണക്ഷനും 50,000 ബി.പി.എൽ. കണക്ഷനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly